പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2730

17.10.2016-ൽ മറുപടിയ്ക്ക്.

## മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, സംസ്ഥാനത്ത് ഉണ്ടായ വാഹന അപകടങ്ങളിൽ, എത്ര പേർ മദ്യപിച്ച് വാഹനം ഓടിച്ചിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (25.05.2016 മുതൽ 09.10.2016 വരെ) സംസ്ഥാനത്ത് ഉണ്ടായ വാഹന അപകടങ്ങളിൽ 70 പേർ മദ്യപിച്ച് വാഹനം ഓടിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അപകടത്തെ തുടർന്നുള്ള രക്ഷാ പ്രവർത്തനത്തിനു ശേഷം കഴിവതും വേഗത്തിൽ ഡ്രൈവറുടെ രക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ശേഷം എത്രയും പെട്ടെന്ന് ഡ്രൈവറുടെ രക്തപരിശോധന നടത്തണമെന്നുള്ളത് പോലീസ് നടപടി ക്രമങ്ങളിൽ ഉൾപ്പെട്ടതാണ്. |
| (സി) | മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തി വെയ്ക്കുന്നവർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | (സി) | മദ്യപിച്ച് വാഹനമോടിച്ച് അപകടം ഉണ്ടാക്കുന്നവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മരണം ഉണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ സെക്ഷൻ 304 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. കൂടാതെ ഇവരുടെ ലൈസൻസ് സസ്പെന്റ് |

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.ഒ മാർക്ക് റിപ്പോർട്ട് സമർപ്പിച്ചും വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ